# ശ്വസിക്കുന്ന സ്വപ്നങ്ങൾ

REG. NO. 273
VENGANO...
KID...
3046 ~~No 124~~



ടി. ശിവരാമൻ

26-27

3046

# ശ്വസിക്കുന്ന സ്വപ്നങ്ങൾ

JAWAHAR SMARAKA GRANDHA SALA
REG: No: 3273
VENGANOOR P.O.
ADARAKUZHY
No. 124

JAWAHAR SMARAKA GRANDHA SALA
REG: No: 3273
VENGANOOR P.O.
KOLDARAKUZHY
No. 44

ഗ്രന്ഥകർത്താ:

## ടി. ശിവരാമൻ

പ്രസാധകർ
സ്നേഹദീപം, പബ്ലിക്കേഷൻസ്,
ജഗതി, തിരുവനന്തപുരം.

30476

ഒന്നാം പതിപ്പ് 1956
കോപ്പി: 1000 മേയ്.

വില—ഒരു രൂപാ.

പകർപ്പവകാശം
ഗ്രന്ഥകർത്താവിനു്

അച്ചടി:
ചന്ദ്രമോഹൻ പ്രസ്സ്
വഴുതയ്ക്കാട്ട്, തിരുവനന്തപുരം.

3046

## കൃതജ്ഞത

സർവ്വാത്മനാ സഹകരിച്ചും, സഹായിച്ചും, സാഹിത്യ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിച്ച സകലർക്കും എന്റെ ഹൃദയംഗമായ കൃതജ്ഞത.

—ടി. ശിവരാമൻ—

No. 124

JAWAHAR SMARAKA GRANDHA SALA
REG: NO: 3273
VENGANOOR P.O.
KIDARAKUZHY

[ആവശ്യപ്പെടുക]

കൈരളീ ഗ്രന്ഥാലയം
അമ്പലപ്പാറ
ഒററപ്പാലം.

3046

# ഉള്ളടക്കം


അവതാരിക.

1. ബാഷ്പബിന്ദു.
2. ഉദ്ബോധനം.
3. ജവഹർ ജയിച്ചാലും.
4. സൌഹൃദത്തിന്നു മുന്നിൽ.
5. ചരിത്രം രചിക്കട്ടെ.
6. കണ്ണീരിൽക്കണ്ട ചോദ്യം.
7. നീ വിറയ്ക്കൊല്ലേ.
8. പുല്ലാംകുഴൽ.
9. അഴലും ആശയും.
10. ശ്വസിക്കുന്ന സ്വപ്നങ്ങൾ.


JAWAHAR SMARAKA GRANDHA SALA
REG NO: 3273
VENGANOOR P.O.
KIDARAKUZHY

# അവതാരിക

കുട്ടിക്കവികളുടെ കുററങ്ങളും, കുറവുകളും ആവത്തിച്ചാവത്തിച്ചു പറയുന്നതു കൊള്ളാം; എന്നാൽ അവരുടെ അസ്തിത്വത്തെത്തന്നെ നിഷേധിയ്ക്കുന്നതു് ആപൽക്കരമാണു്. മലയാളത്തിൽ തലക്കനം പൂണ്ട എഴുത്തുകാർ അത്തരമൊരു നിഷേധവാദത്തിൽ ഏപ്പെട്ടിരിയ്ക്കുകയാണിപ്പോൾ. ഇതിൻെറ ഫലമായി അവസരസമത്വമോ ആരോഗ്യകരമായ പ്രോത്സാഹനമോ ലഭിയ്ക്കാതെ എത്രയെത്ര കുരുന്നു മൊട്ടുകൾ കരിയുന്നില്ല! മഹാകവികളായല്ല ആരും മണ്ണിൽ പിറക്കുന്നതു്. സാഹചര്യങ്ങൾ കാരകശക്തികളെ ഉത്തേജിപ്പിക്കുമ്പോൾ, അങ്കുരാവസ്ഥയിലുള്ള കലാബോധം തഴച്ചുവളന്നു് ഫലസമ്പൂണ്ണമായിത്തീരുന്നു.

നിങ്ങൾ വായിയ്ക്കുവാൻ പോകുന്ന ഈ കവിതാസമാഹാരത്തിന്റെ കത്താവായ ശ്രീ. ശിവരാമൻ, കഴിഞ്ഞ പത്തുകൊല്ലമായി കവിതാരംഗത്തിൽ കറങ്ങിക്കഴിയുന്ന ഒരു യുവകലാകാരനാണു്. പ്രസിദ്ധീകരണത്തിൻെറ വെളിച്ചത്തിൽ വളരെയൊന്നും നീന്തിത്തുടിപ്പാൻ അദ്ദേഹത്തിൻെറ ഹൃദയത്തിനു് ഭാഗ്യമുണ്ടായിട്ടില്ലെങ്കിലും പ്രകൃതിയുടെ വിശാലവക്ഷസ്സിലും ജീവിതാനുഭൂതികളുടെ ഉന്നതാധിത്യകകളിലും അതു് ആവേശപൂവ്വം വിഹരിച്ചു പോരുകയാണു്. പ്രകൃതിയിൽനിന്നും ജീവിതത്തിൽ

നിന്നും പ്രചോദനമുൾക്കൊണ്ടു്, ആ പ്രചോദനത്തെ ഭാവനകൊണ്ടു് നിറം പിടിപ്പിച്ചും വികാരംകൊണ്ടു് ഉദ്ദീപ്തമാക്കിയും പ്രദർശിപ്പിക്കുവാൻ പരിശ്രമിച്ചു പോരുകയാണു് ഇദ്ദേഹം. കലാപരമായ വിജയത്തിന്നു് ജന്മസിദ്ധമായ കഴിവുകൾക്കു പുറമേ, പരിശ്രമശീലം കൂടി ഒഴിച്ചു് കൂടാത്തതാണെങ്കിൽ ഈ യുവകാവ്യ പാന്ഥന്റെ ഭാവിയേപ്പററി പ്രതീക്ഷകൾക്കു ധാരാളം വകയുണ്ടു്.

കർമ്മബന്ധത്തിന്റെ മാലിൽക്കുരുങ്ങുന്ന
സമ്മർദ്ദമേറുമെൻ ജീവിതറാട്ടയിൽ;
നൂററു പഠിക്കുവാൻ നോക്കിഞാ, നെൻയത്നാ-
ന്തൂലിനെ നേർത്തതായ് പേർത്തെടുത്തീടുവാൻ;
ഭാവിയും ഭൂതവും കൂട്ടിയിണക്കിയ
പാവിലതു നെയ്യേട്ടുക്കാൻ കുഴങ്ങവേ
താൻ നൂററ നൂലിനാലെത്രയോ വെൺപട്ടു
നെയ്തീരുൾച്ഛായത്തിൽ മുക്കീ ദിവാകരൻ;
പൊട്ടിയ പാവിഴ വീണ്ടുമൊരുന്നേയ്ക്കുവാൻ
പോലുമറിയാതുഴന്നു നിൽക്കുന്നു ഞാൻ.

(സൗഹൃദത്തിന്നു മുന്നിൽ)

ഭൂതഭാവികൾ വർത്ത—
മാനത്തിൽ ബന്ധിച്ചുള്ള
സ്യൂതമായ്ത്തിരിയുന്ന
കാലമാം കൈറാട്ടയിൽ,

നിമിഷതന്തുക്കളാൽ
നിർമ്മിച്ചതിരികൊണ്ടു
നിയതി വീണ്ടും നൂററു
പുത്തനാം നൂൽത്തുട്ടേററെ.
എന്നിട്ടും ചിതൽ കേറി
യാണിപോയ് മാല്യം പൊട്ടി
യെൻ ചക്ര തൂങ്ങീടുന്നു
ഭിത്തിന്മേൽ മുന്നെപ്പോലെ.

(ശ്വസിക്കുന്ന സ്വപ്നങ്ങൾ)

ഈ വരികൾ വായിക്കുമ്പോൾ, വിഷാദത്തിൻെറ കൊച്ചലകളിൽ നീന്തിത്തുടിക്കുകയാണോ കവിയെന്നു തോന്നിയേയ്ക്കും. എന്നാൽ വാസ്തവമതല്ല; നേടിയതിനെ നിസ്സാരമാക്കിക്കരുതി വീണ്ടും മുന്നേറാൻ വെമ്പുന്ന ഉൽക്കടമായ പുരോഗമന വാഞ്ഛയത്രെ ഈ വരികളിൽ ഓളം വെട്ടുന്നതു്. തൻെറ പുരോഗമന വാഞ്ഛയും, പരിസരങ്ങളുടെ നിശ്ചലതയും തമ്മിലുള്ള പൊരുത്തക്കേടു് 'ശ്വസിക്കുന്ന സ്വപ്നങ്ങൾ' എന്ന കവിതയിൽനിപുണമായി ചിത്രീകരിച്ചിരിക്കുന്നു. പരിതസ്ഥിതി പ്രതികൂലമാണെങ്കിലും കവി നിരാശനാകുന്നില്ല. തന്റെ കർത്തവ്യത്തെ അദ്ദേഹം കണ്മുന്നിൽ വ്യക്തമായി കാണുന്നുണ്ടു്.

ജീവിതയാതന പടഹമടിച്ചു
ജയഘോഷങ്ങളുതിക്കുമ്പോൾ,
നിർദ്ദയനിയമപ്രകരം നാട്ടിൽ
മർദ്ദനതാണ്ഡവമാടുമ്പോൾ
സ്വർഗ്ഗങ്ങളാം വൻ പാറക്കെട്ടിൽ
ജീവിതനൌകകൾ തകരുമ്പോൾ
സംഭ്രമകമ്പസ്തബ്ധമുഴന്നി-
ട്ടന്തം വിട്ടൊരു നാട്ടാരിൽ
കർമ്മോന്മുഖത വളർത്തുക മാമക
കടമയിലൊന്നാണായതിനായ്;
തീവ്രതചേരുന്നുജ്ജ്വലഗാനം
തകരും വരെയും പാടും ഞാൻ

(പുല്ലാംകുഴൽ)

അങ്ങിനെ മി. ശിവരാമൻ ജീവിത യാഥാർത്ഥ്യങ്ങളിലേയ്ക്കു് കാൽ വെയ്ക്കുന്നു. പണിയെടുക്കാൻ ചിലരും ഫലം പററാൻ മററുചിലരും എന്ന ഇന്നത്തെ പൈശാചിക നീതിക്കെതിരായി അദ്ദേഹത്തിന്റെ തൂലിക ശക്തി പൂർവ്വം ചലിക്കുകയാണു്. കൃഷകൻ അത്യദ്ധ്വാനം ചെയ്തുണ്ടാക്കിയ പഞ്ചയ്ക്കു് ജന്മി പാട്ടബാക്കിയുടെ പേരിൽ അവകാശവാദം കൊണ്ടുചെല്ലുന്നു. അയാൾ ആ പൈശാചിക നീതിക്കു വഴങ്ങി. ആ സാധു കൃഷകന്റെ അന്തർമ്മണ്ഡലത്തിലേയ്ക്കൊന്നു നേക്കൂ:

' എന്തിനാമഞ്ഞും വെയ്ലും
മഴയും വിഗണിച്ചു
ചിന്തിയെന്നുയിരേവം
നിഷ്ഫലമായെൻ മോഹം.

കരികൾ വയൽ മണ്ണിൽ
വരഞ്ഞ വരയെല്ലാം
കരുതി മമ ഭാഗ്യ
രേഖയായന്നൊക്കെ ഞാൻ,

മാഞ്ഞുപോയവയെല്ലാം
കാലത്തിൻ നീരോട്ടത്തിൽ;
മാൽമുററം മിഴിയെന്തി
ന്നവയെത്തേടീടുന്നു?

സദൃശമിന്നെൻഹൃത്തും
കതിർ പോയ് കട്ടപൊട്ടി
സാന്ധ്യശോണിമവാരും
വയലും-രണ്ടും ശൂന്യം!"

കൃഷിക്കാരന്റെ കഷ്ടപ്പാടുകൾ കണ്ടു് കവി സ്വയം ചോദിക്കുകയാണു്.

"കണ്ണുനീർ തീർത്ത കന്നി-
ച്ചേററിലും നെട്ടവീഴ്പ്പാൽ

മണ്ണു വിണ്ടുണങ്ങിയ
മകരനിലത്തിലും
എത്ര കൊയ്ത്തവം നിൽക്കും
കേരളകേദാരത്തിൽ?
വിത്തിട്ടവന്നായ് കൊയ്യും
വിളവൊന്നുണ്ടാവില്ലേ? "

(കണ്ണീരിൽക്കണ്ട ചോദ്യം)

അങ്ങിനെ ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതിയുടെ ആവശ്യകത നോക്കിക്കണ്ട കവി യുവലോകത്തോടു പറയുന്നു.

പഴമതൻ മാരക
ത്തണുപ്പിലാലസ്യത്തിൻ
പുതപ്പാൽ മൂടിപ്പുത
ച്ചെന്തിഹ ശയിക്കുന്നു?
നേരമായുണർന്നൊന്നു
തൻചുററും നോക്കിക്കാണാൻ
നേരമായ് മുന്നേററത്തിൻ
കാഹളം മുഴക്കീടാൻ
സോദര രക്തത്തിനാൽ
സ്വാതന്ത്ര്യത്തിൻ ഭിത്തിക്കുമേൽ
മേദുരവർണ്ണം പൂശും
കയ്യുകൾ നടുങ്ങട്ടെ!

(ചരിത്രം രചിക്കട്ടെ)

മി. ശിവരാമന്റെ ദേശാഭിമാനവും ആദർശപരതയും ഇതിലെ മിക്ക കൃതികളിലും നിഴലിച്ചുകാണുന്നു. 'ജവഹർ ജയിച്ചാലും' എന്ന കവിത് ഇക്കാര്യത്തിൽ മുററി നില്ക്കുന്നു. പ്രകൃതിവർണ്ണനാപാടവത്തിന്നു "ബാഷ്പബിന്ദുവും' ഭാവാവിഷ്കരണസാമർത്ഥ്യത്തിനു 'അഴലും ആശയും' എന്ന കൃതിയും ഉദാഹരിക്കപ്പെടാം. 'ഇൻഡോനേഷ്യ'യുടെ സ്വാതന്ത്ര്യ പരിശ്രമത്തിൽ കവിക്കുള്ള ഉൽക്കണ്ഠ 'നീ വിറയ്ക്കൊല്ലെ' എന്ന കവിതയിൽ തെളിഞ്ഞു കാണുന്നു.

'വെട്ടിയാൽ വീണ്ടും പൊട്ടി
തളിർത്തു പൂത്തീടുന്ന
മട്ടെഴുന്നൊന്നത്രേയീ
സ്വാതന്ത്ര്യ കല്പദ്രുമം.'

എന്ന അതിലെ ഈരടി ആലോചനാമധുരമായിരിക്കുന്നു. ഇതുപോലെ ഇനിയും കാണാം അചുംബിതങ്ങളായ ധാരാളം ആശയങ്ങൾ.

ജീവനാളത്തിൽ നിന്നും
ചൂട്ടുകൾ കൊളുത്തിക്കൊ-
ണ്ടീവഴി സർവ്വം ധീര
പഥിക, പിന്നിട്ടു നീ.

ചൂട്ടുകൾ ചൊരിഞ്ഞതാം
തീപ്പൊരി ചരിത്രത്തിൽ

വെട്ടവീഥിയിലത്താ-
കെട്ടകയില്ലവ്വയെന്നും.

ശിരസ്സോന്നയത്തുക,
നോക്കുക, നിൻ ചുററിലും

പരിവത്തനം നവ
മേഖല നിമ്മിക്കുന്നു.

(ഉദ്ബോധനം)

അദ്ധ്യാപകനെ നോക്കിപ്പറയുന്ന ഈ വരികൾ സ്വന്തം ജീവരകതത്തിൽ തൂലിക മുക്കിയെഴുതിയതാക കൊണ്ടു് മി. ശിവരാമൻ ഒരദ്ധ്യാപകനാണു്—കൂടുതൽ വികാരോഷ്മളവും വിചാരരമണീയവുമായിട്ടുണ്ടു്.

ഈ അവതാരിക ഇനിയും നീട്ടേണ്ട ആവശ്യമില്ല. ഉദ്ധരിച്ച വരികളിൽ നിന്നു തന്നെ വാസനാസമ്പന്നനു മാണു് ഈ യുവകവിയെന്നു് വായനക്കാക്കു് വ്യക്തമായിരിക്കും. ഉയന്ന ജീവിതവീക്ഷണമുള്ള ഈ യുവ കലാകാരൻ അനുസ്യൂതമായ അഭ്യാസ കൊണ്ടു് കൂടുതൽ ആകഷകമായ ആവിഷ്കരണരീതികൂടി സ്വായത്താക്കുമെന്നു് നമുക്കു് ആശിക്കുക. ഗ്രന്ഥകാരന്റെ സാഹിതീയ പരിശ്രമങ്ങൾക്കു് സർവ്വാത്മനാ ഭാവുകമാശംസിച്ചുകൊണ്ടു് ഈ കൊച്ചു കവിതാസമാഹാരം ഞാൻ സഹൃദയ സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പട്ടാമ്പി
19-11-55. } ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ.

JAWAHAR BALAKA BHAVAN SALA
REG: NO: 3273
VENGANOOR P.O.
KIDARAKUZHY

# 1

## ബാഷ്പബിന്ദു

ഇന്നുമക്കഥയോർത്തു-
വിവർണ്ണവദനയായ്
നിന്നുപോം പ്രഭാതശ്രീ
നിറയും നേത്രത്തോടേ.
ഉദ്രസമൊഴുകവേ
രാക്കുയിൽഗ്ഗാനാലാപം
നിദ്രയിൽ മുക്കിക്കൊണ്ടീ
പാരിനെയനസ്യൂതം.
ഉൾത്തിങ്ങുമാനന്ദത്തോ
ടന്നുമപ്പൂന്തോപ്പിങ്ക-
ലെത്തിനാൻ 'ശശി', 'രാത്രി'
യോടൊത്തു വിഹരിക്കാൻ

പച്ചിലക്കാട്ടിൽ ചിന്നും
    തൈജസകീടപംക്തി
പിച്ചിപ്പൂവെന്നു തോന്നി
    യെടുക്കാനാരംഭിയ്ക്കേ.
പൂന്തിങ്കൾ ചിരിച്ചപോ,
    യച്ചിരി കാട്ടാറില്ല
മേന്തിവന്നതായ്ക്കണ്ടു
    നാണിച്ചു നിശയപ്പോൾ
പിരിഞ്ഞു ദൂരെപ്പോയി,
    ചന്ദ്രനോ പടിഞ്ഞാറേ
ചെരിവിലിരിപ്പായി
    വരവും പ്രതീക്ഷിച്ചു്.
നീലവാനിലെ ച്ചെറു
    ചില്ലകൾ തോറും പൂത്തു
മാലയായ് മിന്നും വെള്ളി
    പ്പൂങ്കുല പറിയ്ക്കുവാൻ,
കയ്യെത്താഞ്ഞു ദയാദ്രി
    ച്ചെരിവിൽക്കൂടി മന്ദം
കേറിട്ടും നേരം നിശ
    കാൽതെററിത്താഴേ വീണു.

ഘോര വാൎന്നിട്ടും മുഖം
തിരിക്കേ കരം കൊട്ടി
ദൂരവേ നിൽക്കും ചന്ദ്രൻ
ചിരിക്കുന്നതു കണ്ടു.

ഖേദവു മമൎഷവു
മപമാനവും സഹി
യ്ക്കാതെയായ് മുഖം താഴ്ത്തി
മൂകയായ് മടങ്ങുന്നു.

സാന്ത്വനം സ്വസന്നിധി
വിട്ടകന്നീടും ശോകാ-
ക്ലാന്തയാം സഖിയ്ക്കേകാ
നേലുമുൽക്കണ്ഠയോടേ

വിളിച്ചു വിഭാതശ്രീ
പൈങ്കിളി ചാത്തിൽ സ്നിഗ്ദ്ധ
കളക്രൂജനങ്ങളാ
ലെങ്കിലും വന്നില്ലവൾ.

ആ രക്ത ഹിമകണ
ബിന്ദുക്കൾ ചിന്നിക്കൊണ്ടു
ചാരവേയടുക്കുന്ന
തോഴിതൻ ലലാടത്തിൽ

സാരമാം പതുക്കേററു
കാൺകയാൽ ചിരിപോയി
ചാരം പോൽ വിളറി,ത്തൻ
വെണ്മുകിൽ തുവാലയാൽ
മുറിവുകെട്ടാൻ നീളം
ശശിതൻ കരം തട്ടി
ത്തെറിപ്പിച്ചവർ നീല
ക്കുന്നുകൾ കടന്നുപോയ്
നില്ലയാം വിഭാതശ്രീ
യുദയാചലത്തിങ്ക-
ലുൾക്കളം കലക്കമീ
കാഴ്ചകളെല്ലാം നോക്കി
ചേണണിപ്പുലർതാര
വ്യാജനയടന്നതാ
വീണുപോയ്ക്കണ്ണിൽനിന്നും
സ്നേഹാർദ്രമൊരുബിന്ദു
വിരിയും വെളിച്ചത്തിൽ
വെൺചേലാഞ്ചലത്തിലായ്
വിമലം ബാഷ്പാകുല
വദനം മറയുന്നു.

ഇന്നുമക്കഥയോർത്തു
　　വിവർണ്ണവദനയായ്
നിന്നുപോം പ്രഭാതശ്രീ
　　നിറയും നേത്രത്തോടേ
നീളുമാ ചിന്തയ്ക്കൊപ്പം
　　വെളുപ്പിൻ വെള്ളിത്തിര
ശ്ശീലയിലതിൻ കഥ
　　നിത്യവും പതിയുന്നു.

2

# ഉദ്ബോധനം

ഇരവിൻ കൊടികീറി
ച്ചിതറികാററിലാവൽ
നിരയായ് പാറിപ്പോക
മന്തിമയാമത്തിങ്കൽ
ക്രൂരിതരാക്ഷക്രരാക്ക
കുത്തിട്ടപോലെ പുലർ
താരകം നിശ്ശ്ലേ, കാലം
ചരിത്രം പുതുക്കവേ
ഒരുബോധിവൃക്ഷത്തി-
ന്നുന്നതത്തളിർക്കൊമ്പിൽ
മരുവും കിളിപാട്ടും
ഗാനമിങ്ങനെ കേൾക്കായ്.

"അന്തരീക്ഷത്തിൽ തങ്ക
രേഖകളങ്ങിങ്ങതാ
ചിന്തുന്നു, പുലരുവാൻ
നേരമില്ലിനിയൊട്ടും
നീണ്ടകാലത്തിൻ കാള
രാത്രികൾ പിന്നിട്ടെത്തി
നീ വീണ്ടുമദ്ധ്യാപക
ലോകമേ വെളിച്ചത്തിൽ!
അഭിമാനത്തിൻ വാദ്യ
മുതിക്കും ഹൃത്തോടുമെ-
ന്ന, ഭിവാദ്യം ചെയ്താലും
ഇല്ലനിൻമിഴികളിൽ
തിളക്കം കാണുന്നില
കദനത്തിരിയെരി
ഞ്ഞുളവായൊരാമഷി
മാഞ്ഞതില്ലിന്നും കാൺമൂ!
ഓതുന്നിതതിൻനിറം
പാതയിൽ നേരിട്ടതാം
യാതനാശതങ്ങൾതൻ
കഥകൾ ദയനീയം!

അന്ധകാരത്തിലലല
　　മലഞ്ഞു; ഹൃദയത്തി-
ന്നന്ധതയകററീടും
　　വെളിച്ചം പകന്നനീ !
ജീവിതാദ്ധ്വാവോരോന്നും
　　സുവ്യക്തമാക്കിപ്പോന്ന
നീ നിന്നു വിഷമിച്ചു
　　ദുർഗ്ഗമമാർഗ്ഗങ്ങളിൽ!
നീ വീണു രക്തം വാരും
　　നേരമാനിലകണ്ടു
ജാതകൌതുകം നിന്നു
　　ചിരിച്ചു രാപ്പൂവുകൾ!
നീ ദിനഗൽഗദത്താ
　　ലുഴറുന്നതും നോക്കി
മോദിച്ചു മൂളീന്നുറ
　　മൂങ്ങകൾ മൂഢാത്മാക്കൾ!
സാരമില്ലെന്നായെണ്ണി
　　കണ്ണിറുക്കിയും കൊണ്ടു
താരകളാനന്ദിച്ചി
　　തുയരെ വിൺമേടയിൽ
ഉണ്ടായീ സഹതാപം
　　കാററിനുമാത്രം നിന്നി-

ലിണ്ടലാന്നു നെട്ട
വീർപ്പുകൾ വിട്ടുമൂകം.

കാലമിന്നെല്ലാം മാറി
നീ നിന്നെയൈക്യത്തിൻെറ

ശ്രീലശൃംഖലകളാൽ
വേണ്ടപോലടപ്പിച്ചു

ചങ്ങലയെല്ലാമാമ,
മായെണ്ണിപ്പോന്നാലോകം

നിങ്ങളെ നിന്ദിച്ചോതി;
"തന്നത്താൻ ബന്ധിക്കുന്നു."

ഓരുവാൻ കഴിഞ്ഞില
നിസ്വാൎത്ഥ യത്നത്തിന്നു

വീരശൃംഖലകാലം
തന്നതാണതെന്നാക്കും

"ജീവനാളത്തിൽ നിന്നും
ചൂട്ടുകൾ കൊളുത്തിക്കൊ-

ണ്ടീവഴി സൎവ്വം ധീര
പഥിക പിന്നിട്ടുനീ.

ചൂട്ടുകൾ ചൊരിഞ്ഞതാം
തീപ്പൊരി ചരിത്രത്തിൻ

വെട്ടവീഥിയിലതാ;
കെട്ടകില്ലവയെന്നും

"ശിരസ്സോന്നയത്തുക
നോക്കുക നിൻചുററിലും
പരിവത്തനം നവ
മേഖല നിമ്മിയ്ക്കുന്നു."
ഇന്നലെനിന്നെനോക്കി
ഹസിച്ച രാപ്പൂവുക-
ളിന്നിതാ കൊഴിഞ്ഞുപോയ്;
മൃങ്ങകരം മിണ്ടുന്നില
താരകരം വിളറിപ്പോയ്,
വെള്ള മേഘമാം കൊടി
കാണിച്ചു കീഴടങ്ങി
ദിക്കുകരം നിന്നീടുന്നു!
പൂക്കുന്നു പുതുപൂക്കരം
ചുററിലും നിൻഹൃത്തിലും
മേൽക്കുമേൽ; മുഴുകട്ടെ
സവ്വവും സൌരഭ്യത്തിൽ
ഔദ്ധത്യ മേററീടാതെ
പോകുക മുന്നോട്ടതാ
ബദ്ധകൌതുകാൽ കാത്തു
നിൽക്കുന്നു സൌഭാഗ്യങ്ങരം!

3

# ജവഹർ ജയിച്ചാലും!

ആരൊരാൾക്കോർക്കാനാവും
കോൾമയിർ കൊണ്ടിടാതെ-
യാഷ്ട്രമിതന്നനി
ഷേദ്ധ്യനാം നേതാവിനെ.
ആദർശസുഭഗനാ
മദ്ദേഹമദ്ധ്യഷ്യനെ
ന്നാദരാൽ കൈക്കൂപ്പുന്നു
യാന്ത്രികലോകം കൂടി.
ഉന്നതസൌഭാഗ്യത്തി-
ന്നത്തുംഗശൃംഗങ്ങളിൽ
നിന്നുറന്നൊഴുകിയ
ജീവിതതരംഗിണി

അക്ഷണം താപം കൊണ്ടു
വരണ്ടനാട്ടിൻപുറ
മക്ഷയസുരമ്യമാ
മാരാമമാക്കാൻ വെമ്പി.
വിസ്മയിച്ചുപോയ് വിശ്വം
വിരിയും നവോന്മേഷം
സുസ്മിതം പ്രശാന്തമാ
യെങ്ങെങ്ങും നിറയവേ
പാരിൽവീശിയപരി
വർത്തനപ്രത്യാഘാത-
പൂരമാമെൻനാടിന്റെ
വിസ്തൃതവിഹായസ്സിൽ.
ചെങ്കോലിൻ കരിനിഴൽ
തുരത്തും പ്രജാശക്തി
തങ്കരശ്മികൾവീശും
വിമല വിഭാതങ്ങൾ
ജവഹർ ഭവൽ സ്വാതന്ത്ര്യ-
തരസേവനോൽ ഫുല്ല-
സുമസൌരഭോദാര
മാകാതെയേതൊന്നുള്ളൂ?

വിലസദ്വിശ്വപ്രേമ
പൂതമാമവയെന്നും
പുളകോൽഗമം സൂരി
ച്ഛാഷ്ഭ്രവാനന്ദികം.
ശാശ്വതസമാധാനം
മെയ്പൂണ്ടപോലെ ഭവാൻ
വിശ്വവേദിയിലുയ
ർന്നങ്ങിനെ നിന്നീടുമ്പോൾ.
പാരിനെപ്പകുക്കവാൻ
മുതിരും സാമ്രാജ്യത്വ
മൂരിയ പടവാളിൻ
വായ്ത്തല താണീടുന്നു.
ഭുവനസമാരാദ്ധ്യ
നേതാവേ, ജഗൽബന്ധോ
ജവഹർ, ജനതോൽക്കർ
ഷേച്ഛുവേ, ജയിച്ചാലും!

4

# സൌഹൃദത്തിന്നു മുന്നിൽ

എന്തിനോ കമ്പിതമാകുമെൻകൈകളിൽ
ചിന്തകളേകുന്നിതശ്രുഹാരങ്ങളെ.
നാടിനെ നോക്കിക്കുതിക്കുമെന്നാശകൾ
പാടേ തകൎന്നിതതുമേന്തിനിൽക്കവേ.

എങ്ങുസമൎപ്പിക്കു, മുള്ളം കുഴങ്ങുന്നു,
പൊങ്ങുന്നു പൂഞ്ചിറകാൎന്നെൻറയോൎമ്മകൾ
പിന്നിട്ടകാലടിപ്പാടുകളങ്ങിങ്ങു
ചിന്നിടും ഭൂതകാലാകാശവീഥിയിൽ.
ചൂഴും പുകച്ചുരുൾ ചാൎത്തിന്നിടകളിൽ
കൂടിയെൻ ദൃഷ്ടികൾ കീഴിൽ പതിയ്ക്കവേ
മങ്ങിമറവതായ്കാൺമൂ ഞാനിത്രനാൾ
മണ്ടിക്കളിച്ച വിജ്ഞാനവൃന്ദാവനം.

അന്നത്തെപുത്തൻപുലരിതൊട്ടിത്രനാൾ
ഒന്നിച്ചുനമ്മൾമദിച്ച പൂങ്കാവനം.
കോകിലജാലം പറന്നുപോയ്, ഞെട്ടറ്റു
പൂങ്കുല വീണു കഴിഞ്ഞു വസന്തവും

തിങ്ങിനിന്നീടുന്ന കൂരിരുൾ നീങ്ങുവാൻ
മംഗളദീപവുമേന്തിയുയർന്നിടും,
ഭാനുബിംബോജ്ജ്വല ഭാസുരഭാസിനാൽ
ഭാവുകം നിന്നുതുളുമ്പിയ നാളുകൾ.
മാധുര്യചിന്തകൾ മൊട്ടിട്ടുനിന്നൊരാ-
മാധവമാസം വിരചിച്ച നാളുകൾ.
ആനന്ദച്ചന്ദനച്ചാറിലാമഗ്നമായ്
മാനസം നിർവൃതിനേടിയ നാളുകൾ.
ദൂരവേയാനീല നീലിമയ്ക്കപ്പുറ-
ത്താരാൽ മറയുവാൻ പോകുകയാണിതാ.
ഇല്ലിനി മേലിൽ വരില്ലവയാത്മാവി-
ലുല്ലസദ്വാ വസന്തമേഖലതീർക്കുവാൻ

വേഷങ്ങൾ കെട്ടിപലതും 'കടമകൾ'*
'പൂജ'നീയങ്ങളായ് 'മുന്നോട്ടു'നീങ്ങുവാൻ
വെച്ചപദങ്ങളുറയ്ക്കുന്നതിൻമുൻപു-
പിച്ചപിടിച്ചപോൽ പാഞ്ഞുഞാൻ വീഴവാൻ.

---

* ചില നാടകങ്ങൾ.

JAWAHAR SMARAKA GRANDHA SALA
REG. NO: 3273
VENGANOOR P.O.

കാലയവനിക വീണുമറഞ്ഞിതാ
ശ്രീലകലാകേളിരംഗങ്ങളൊക്കെയും
കുത്തിയിറക്കുന്ന വേദനതൻകൊട്ടും
കത്തിമുനകൾ കരളിലീയോർമ്മകൾ.

സന്തതം ചോദ്യമൊന്നെന്നിലുയർന്നിട്ട-
"മെന്തെന്തു മേന്മകൾ നേടിനിന്മാനസം." ?
ഉത്തരമോരോസമയവും തപ്താശ്രു.
വുൾത്തിങ്ങിവിങ്ങും നെടുവീർപ്പുമാത്രമാം.
നവ്യപ്രഭാതങ്ങൾ വിജ്ഞാനരശ്മികൾ
നീളെവിതറിയ നാളുകളൊക്കെയും
ആലസ്യവൃക്ഷത്തണലിൽ ദിവാസ്വപ്ന-
ലോലനായ് കൂടിയുറക്കവും തൂക്കിഞാൻ.

കർമ്മബന്ധത്തിന്റെ മാലിൽ* കുറെങ്ങുന്ന
സന്മാർഗ്ഗമേരുമെൻ ജീവിതറാട്ടയിൽ
നൂററുപഠിക്കുവാൻ നോക്കിഞാനെൻയത്ന-
നൂലിനെ നേർമ്മയായ് പേർത്തെടുത്തീടുവാൻ,
ഭാവിയും ഭൂതവും കൂട്ടിയിണക്കിയ
പാവിലതുനെയ്തെടുക്കാൻ കുഴങ്ങവേ
താൻനൂററ നൂലിനാലെത്രയോവെൺപട്ടു
നെയ്തിരുൾച്ഛായത്തിൽമുക്കീദിവാകരൻ.

---

* മാല് എന്നതിന് കയർ (നൂല്) എന്നും അർത്ഥമുണ്ട്.

പൊട്ടിയപാവിഴ വീണ്ടുമൊന്നേയ്ക്കുവാൻ
പോലുമറിയാതുഴന്നുനില്ക്കുന്നു ഞാൻ.

എന്തിനോ കമ്പിതമാകുമെൻ കൈകളിൽ
ചിന്തകളേകുന്നിതശ്രുഹാരങ്ങളെ.
കണ്ടീലഞാനിത്രനേരമൊരുത്തമ
കണ്ഠമെൻ മുഗ്ദ്ധമാം മാലയർപ്പിക്കുവാൻ.
ആമാല മാലലമാലയായ് മാമക
മാനസത്തിങ്കലണിയുന്നു, പോട്ടെ ഞാൻ.

## 5

# ചരിത്രം രചിക്കട്ടെ!

പാരിടമുണർന്നെങ്ങും
പൂവിട്ടു പുതുമകൾ

വീരസോദരന്മാരേ,
യുണരാറായില്ലെന്നോ ?'

ഇരുളിൻ കളിമണ്ണാൽ
പുതുതായ്ക്കരുപ്പിടി

ച്ചൊരു മഞ്ജുളദിനം
വിശ്വകർമ്മാവാം ശില്പി.

ഉദയശൈലശാല
യിങ്കൽ വാർത്തെടുത്തതി

നുദിതപ്രഭയോലും
പൊൻചായം പൂശീടുമ്പോൾ,

ചക്രവാളത്തിൻചാരേ
നിന്നിട്ടും പുലർവേള
യുൾക്കളിർസ്മിതംതൂകി
യതിന്നെ നോക്കിക്കൊൺകേ,

സംഭവബാഹുല്യത്തിൻ
നിർഭരപ്രചോദനം
സംഭവിച്ചാനന്ദത്താൽ
ഗായകനേവം പാടി:
"പാരിടമുണർന്നെങ്ങും
പൂവിട്ടു പുതുമകൾ
വീരസോദരന്മാരേ
യുണരാറായില്ലെന്നോ?"
പ്രാചിയിലുദ്യൽപ്രഭാ-
കന്ദളം കാൺകേ ദുഃഖ
സൂചിതംമുഖം പ്രതീ-
ചിക്കേറെക്കറുക്കുമ്പോൾ
പഴമതൻമാരക
തണുപ്പിലാലസ്യത്തിൻ
പുതപ്പാൽമൂടിപ്പുത
ച്ചെന്തിഹശയിക്കുന്നു.

നേരമായുണരന്നൊന്നു
തൻചുററവും നോക്കിക്കാണാൻ
നേരമായ് മൂടന്നെററത്തിൻ
കാഹളം മുഴക്കീടാൻ.

സോദരരക്തത്തിനാൽ
സ്വാതന്ത്ര്യത്തിൻ ഭിത്തിക്കുമേൽ
മേദുരവർണ്ണം പൂശും
കയ്യുകൾ നടുങ്ങട്ടേ !

ഭാരതസംസ്കാരത്താൽ
തീർത്തതാം തേഞ്ഞിടാത്ത
ഭാവുകാദർശങ്ങളാ-
ലുഴുതുമറിക്കുക.

ജീവിതവയലുക,-
ളൈക്യത്തിൻ പുതുവിത്തു-
നീവിതക്കുക യുവ
ലോകമേയവതോറും.

ഭാരതത്തിനെപ്പാടേ
തിരുത്തും നിജോന്മേഷം
ഭാസുരപ്രദീപ്തമാം
ചരിത്രം രചിക്കട്ടെ !

# 6

## കണ്ണീരിൽക്കണ്ട ചോദ്യം

പാരിനു കതിർക്കററ
കൊടുത്തുകുമുഷസ്സിൻെറ
ചോരയാൽ മദോന്മത്തം
വിണ്ണിലേറിയ സൂര്യൻ

താഴുവാൻ തുടങ്ങുന്നു
തൻതുംഗപദാപോയി
പാഴിരുൾക്കണ്ടിൽ മന്ദ
മപ്പൊഴാവയൽ വക്കിൽ.

നിൽക്കുകയാണാസാധു
കർഷകൻ ചിന്താമൂക
നിശ്ചലം, നെല്ലിൻപൊടി
യാണ്ടുമെയ് വിയർക്കുന്നു.

കററയിൽനിന്നും വീണ
നെന്മണിതേടുംപ്രാവിൻ
പററമൊത്തുയരുന്നി
തോമ്മകൾ വിദൂരത്തിൽ

ഉഴുതുമറച്ചമൺ
നിരമേൽ സമൃദ്ധിതൻ
ഉദയകരംപോലെ
നെന്മുള കിളുക്കവേ.

നിസ്തുലയത്നത്തിൻെറ
നീരൊഴുക്കിനാൽ നിത്യം
ഏത്തിലും വയലിലും
നൽപ്പച്ച പരക്കവേ;

ഓലകൾമാററിച്ചിരി
ച്ചുയരും നെല്ലിൻകതിർ
മാലകൾസൌഗന്ധിക
ച്ചാരുതചൊരിയവേ,

പൂത്തിരുവോണത്തിൻെറ
മോദമാണെന്നോരുപച്ച-
ത്തത്തയായ് വയൽതോറും
പാറിയതോർത്തു പാവം.

കരിയും വിളഭൂമി
ക്കയിരേകുവാനന്നാറം
കരിതൻ തഴമ്പുററ
കൈകളാൽ നീർതേവുമ്പോറം
ഉറംപ്പൂവിലുറന്നീടും
മധുരപ്രതീക്ഷയോ
ടെപ്പൊഴും വിളകാത്തു
പാടത്തു പാർത്തീടുമ്പോറം
നെൽക്കതിർ പഴം തട്ടി
പൊന്നലക്കടലായി
നിൽക്കമക്കൊയ്ത്തുകാല
മെത്തിടും മണിനാദം
ഉൽക്കണ്ഠം കേറംക്കാൻനിന്ന
കൃഷകൻ ജന്മിനൽകു
മുഗ്രശാസനം കേട്ടു:-
"കൊയ്തുവെയ്ക്കുകെൻ വീട്ടിൽ."
പാട്ടബാക്കിതൻമൂച്ച്
യേറുന്നകുടിലത
വേട്ടയാടിയാസാധു
കൃഷകപ്രയത്നത്തെ.

മുററത്തെച്ചുളിപോലു
മേല്ക്കാതെ പൂമേടയിൽ
മുററുമുന്മദം മേവും
ജന്മിതൻ തൃപ്പാദത്തിൽ.

ആക്കൊയ്ത്തുകാലം തന്നെ
സവ്വവും സമപ്പിച്ചു
നില്ക്കവേയവനുള്ളിൽ
വേദനയുയരുന്നു:
"എന്തിനാമഞ്ഞും വെയ്ലും
മഴയും വിഗണിച്ചു

ചിന്തിയെന്നുയിരേവം
നിഷ്ഫലമായെൻ മോഹം.
കരികം വയൽമണ്ണിൽ
വരഞ്ഞവരയെല്ലാം
കരുതീമമഭാഗ്യ
രേഖയായന്നൊക്കെഞാൻ.
മാഞ്ഞുപോയവയെല്ലാം
കാലത്തിൻ നീരോട്ടത്തിൽ
മാൽമുററം മിഴിയെന്തി
ന്നവയെത്തേടീടുന്നു.

സാദൃശമിന്നെൻഹൃത്തും
　　കതിർപോയ് കറ്റപൊട്ടി

സാന്ധ്യശോണിമവാരും
　　വയലും;-രണ്ടും ശൂന്യം."

ചക്രവാളവുമിടി
　　ച്ചിരുളിൽ ചളിവെള്ളം

സംക്രമിക്കയാൽ പാരിൻ
　　മുങ്ങിയവരമ്പിന്മേൽ

തപ്പിയും തടവിയും
　　നീങ്ങിടുമവൻതൂകും

തപ്താശ്രുകണങ്ങളിൽ
　　കണ്ടുഞാനിച്ചോദ്യത്തെ

"കണ്ണുനീർതീർത്തകന്നി
　　ച്ചേറിലും നെടുവീർപ്പാൽ

മണ്ണുവിണ്ടുണങ്ങിയ
　　മകരനിലത്തിലും

എത്രകൊയ്ത്തേവം നിൽക്കും
　　കേരള കേദാരത്തിൽ?

വിത്തിട്ടവന്നായ് കൊയ്യും
　　വിളവൊന്നുണ്ടാവില്ലേ?"

# 7

## നീ വിറയ്ക്കൊല്ലെ

സ്വേച്ഛപോലനുദിന
മിൻറാദനേഷ്യതൻരക്തം
മ്ലേച്ഛമാം വിധം സ്വേച്ഛാ
തന്ത്രമാം യന്ത്രത്താലേ

പിഴതിപ്പിഴതിത്തൻ
സാമ്രാജ്യദാഹംതീർക്കാൻ
മുഴമേധാവിത്വം ഹാ!
വെമ്പുമീരംഗത്തിങ്കൽ

ഹതഭാഗ്യയായ്ത്തീന്ന
സോദരിയ്ക്കാശ്വാസത്തി-
ന്നുതകും വിധമേകി
യിന്ത്യതൻ സന്ദേശത്തെ:

"വീരസോദരി വെൽക!
വെൽകനീയധമ്മത്തെ
ധീരമായ് ചെറുക്കുമീ
സംഗരം ജയിക്കട്ടെ.

ജീവിതം, മറ്റന്നത്തിൻ
ക്രൂരിതുൾ ചൂഴ്ന്നുള്ളോരി
ജീവിതം തോഴിയോർക്കു
മരണമല്ലേ കാമ്യം.

മർത്ത്യനെന്തധികാരം
മർത്ത്യനെത്തൻെറദാസ്യ
വൃത്തിയിൽ നിയമിയ്ക്കാനും
ദണ്ഡനമേല്പിയ്ക്കാനും?

ഘോരമായുള്ളീനീതി
സംഹിതതകരുന്ന
നേരമേ നരലോകം
നിവൎന്നുനില്ക്കുമേലിൽ.

എല്ലുകൾ ഞെരിഞ്ഞെയ്ക്കും
വാൎന്നൊഴുകീടും രക്തം
എല്ലാം നീസഹിക്കുക
നട്ടെല്ലുനിവരട്ടെ.

കാലരംഗങ്ങൾ രാവും
 പകലുമാകും തിര
ശ്ശീലവീണുവീണെത്ര
 മാറിയെന്നറിയാതേ

അന്ധമാമധികാര
 കൈവാളുമിന്നിച്ചെത്തും
ഭ്രാന്തർക്കു വത്സെ, നീയീ
 വരികൾ പഠിപ്പിക്കു:

'വെട്ടിയാൽ വീണ്ടും പൊട്ടി
 ത്തളിർത്തു പൂത്തീടുന്ന
മട്ടെഴുന്നൊന്നത്രേയീ
 സ്വാതന്ത്ര്യകല്പദ്രുമം.'

ആവീരചരിത്രത്തെ
 ഹൃദ്‌രക്തം നിറച്ചുള്ള
തൂവലാൽ കുറിക്കേണ
 മെങ്കിൽ "നീ വിറയ്ക്കൊല്ലേ".

8

# പുല്ലാങ്കുഴൽ

ഭാവനതൻ പരിലാളനയഴകിൽ
പൂവിട്ടുള്ളൊരു നന്ദനത്തോട്ടിൽ.
ചിതമൊടു നിർവൃതി തീർത്തൊരു ബന്ധുര
ചിന്താസുന്ദര വേദികയിൽ
അനുഭവമനുപദമനുപമമധുരം
അഴകിലണക്കിയ ഗാനസുധ.
പൊഴിയുകയാണതി പുതുമപൂണ്ടൊരു
പുല്ലാങ്കുഴൽമിളിതാനന്ദം:

"ചാരുതകലരും മട്ടിലുഷസ്സിൽ
ചുണ്ടിൽ പുഞ്ചിരി വിരിയുമ്പോൾ
വാരൊളിവീശും വാർമഴവില്ലാൽ
വാനം മഞ്ജിമ ചാർത്തുമ്പോൾ

രാവിൻനീലത്തോപ്പിൽ തുമ്പ
പ്പൂവു ചിരിച്ചുകുഴങ്ങുമ്പോൾ
ഹൃദ്യതതിരളും ഗാനമൃതിത്തു,
ഹൃദയവിപഞ്ചികമീട്ടീഞാൻ.

ഇല്ലെന്നാലീരംഗവിധാനം
ഇന്നാകഷിച്ചില്ലെന്നെ
ജീവിതയാതന പടഹമടിച്ചു
ജയഘോഷങ്ങളുതിക്കുമ്പോൾ
നിർദ്ദയനിയമപ്രകരം നാട്ടിൽ
മത്തനതാണ്ഡവമാടുമ്പോൾ
സ്വർഗ്ഗകളാം വൻപാറക്കെട്ടിൽ
ജീവിതനൗകകൾ തകരുമ്പോൾ
സംഭ്രമകമ്പസ്തബ്ദ്ധമുഴന്നി
ട്ടന്തം വിട്ടൊരു നാട്ടാരിൽ
കർമ്മോന്മുഖത വളത്തുകമാമക
കടമയിലൊന്നാണായതിനായ്
തീവ്രതചേരുന്നുജ്ജ്വലഗാനം
തകരുംവരെയും പാടും ഞാൻ

[കണ്ണീർക്കണികകളാർദ്രതയേകി
ക്കരുണ കലന്നുള്ളൊരു ഗാനം

യാതനകൾ നെടുവീർപ്പുകളാലതി
യൂഷ്മളയുതമായ് മാറുന്നു.]

"പാരിടമനിതരപാടവമോടേ
പായുകയാണിതയെങ്ങോട്ടോ ?
ഭാവുകലാളിത ഭാസുരമായൊരു
ഭാവിയിലെത്താനുഴറുകയോ
എന്നാൽ മാർഗ്ഗം മാററൂ ശീഘ്രം
നന്നായ് നവമായ് നിർമ്മിക്കൂ.
നിശിതൈക്യത്തിൻ തണലുവിരിക്കും
നിർമ്മലനടവഴി തെളിയിക്കൂ.

"ചിന്തിയതെന്തിന്നായിട്ടുലകം
ചെന്നിണമനവധിയിന്നോളം !
സ്വാതന്ത്ര്യത്തിൻ ലതയിൽ കിളുക്കും!
തളിരിന്നരുണിമ കൂട്ടാനോ?
ലളിതം ലളിതം വളരുന്നതിനെ
ഗ്ഗരളോഷ്മാവാൽ വാട്ടാനോ?
തളരും സ്നേഹസ്പന്ദം വീണ്ടും
വളരാന്തൂർജ്ജിതമാവാനോ?
വിദ്വേഷത്തിന്നിരുകരതമ്മിൽ
വീണ്ടും ദൂരം കൂട്ടാനോ ?

എന്തിനെന്തി ?-ന്നുത്തരമോതാ
തെന്തേകുററികണക്കേവം
വാചാടോപവിദഗ്ദ്ധതയോളം
യാന്ത്രികയുഗമേ നിൽപ്പൂനീ !

"രംഗം മാററാൻ വൈകീന്നുതന്ന
രംഗവിധാനം ചെയ്തീടാൻ
യവനിക വേഗം വീഴട്ടേയീ-
നടനം ത്വരിതം മാറട്ടെ !"

JAWAHAR SMARAKA GRANDHA SALA
REG: NO: 3273
VENGANOOR P.O.
KIDARAKUZHY

9

# അഴലും ആശയും

പൂവിട്ടിട്ടുന്ത്യ മുററ
ത്തോമന, പ്പൂർദന്തത്തിൽ
നോവിനാലതേജ്ജോലി
യമ്മയും തുടരുന്നു.
കഴിഞ്ഞു പോയോരോണ
കാലത്തേയ്ക്കൊഴുകിപ്പോയ"
മിഴിനീർ പ്രവാഹത്തിൽ
താന്തമാം വിചാരങ്ങൾ
തെളിഞ്ഞുവരികയാ-
ണോർമ്മയിലന്നത്തെ പൂ-
ക്കളമുണ്ടാക്കീടുന്നാ
മുററവും ബഹളവും

കൊട്ടയിൽ പൂവും, ഹൃത്തിൽ
നിറയെ സ്വപ്നങ്ങളും
കൊണ്ടുവന്നവളുടെ
യോമനക്കുമാരന്മാർ
'ഞാനിതാംനുള്ളാം' 'വേണ്ട'
'ചാണകംതേക്കു' 'വയ്യ'
ഞാനാദ്യവരിയിടാം'
'അല്ലതുഞാ'നെന്നേവം
പിണങ്ങി 'യോണപ്പുട
കിട്ടിടും രണ്ടാംകു'മെ
ന്നിണങ്ങി ദുർവാശികൾ
മറന്നു പൂവിട്ടതും.
അയൽവക്കത്തെപ്പിള്ള
രോണക്കോടികളുടു-
ത്തഭിമാനത്തോടോടി
കളിക്കാനടുക്കവേ
'തങ്ങൾക്കുമാത്രമിന്നും
പഴയമുണ്ടല്ലാതെ
തന്നീലെ'ന്നശ്രുപൂർണ്ണം
തേങ്ങിടും കിടാങ്ങളെ

മാറിനോടടുപ്പിച്ചു
തന്നീടാം വരും കൊല്ലം

മാഴ്കാതെൻ മക്കൾ പോയി
കളിക്കെന്റെ'രച്ചതും

സ്മരിച്ചീതവ ളത
ല്ലിന്നു ദുസ്സഹം തന്റെ

യരികിൽനിന്നെന്നേയ്ക്കു
മായതിലൊരുകിളി

പറന്നുമറഞ്ഞുപോയ്
തൻവെറും വാക്കാമോണ-

പ്പുടവകാക്കാതെത-
ന്നേട്ടനെത്തനിച്ചാക്കി.

തടുക്കാൻ കഴിഞ്ഞീല
ദുർഭരവിഷാദം കൺ-

തടവും കവിഞ്ഞേററ-
മൊഴുകിച്ചുടുബാഷ്പം.

"ഓണമേയെന്തിന്നെത്തി
യഴലിൻചുഴിക്കുത്തി-

ലോടമായെന്നെയൊഴു
ക്കീടുവാ, നാശ്ശ്മാൻമാത്രം ?

വേഗമെൻ മുന്നിൽനിന്നും
മടങ്ങു, കൊല്ലായ്യെന്നേ"

വേദനതേങ്ങിമാത്രു
ഹൃദയത്തിലീവിധം.

പൂവിട്ടിട്ടുനന്തു മുററ
ത്തപ്പൊഴുമൊററയ്ക്കിരു-
ന്നീവകവിചാരങ്ങ
ളെന്നിയെത്തുന്നാമന.

കോട്ടയുണ്ടരികിൽ, പൂ
പാതിയും മണ്ണിൽ ചൊരി-
ഞ്ഞിട്ടുകൊണ്ടവൻേറതാം
മറെറാരു കരംപോലെ

ആയിളം കൈകൾ തീർത്തു
ചാണകവൃത്തത്തിങ്കൽ
സ്വീയമാം വിഭാവന
യ്യൊത്തൊരു ചെറുകാവ്യം.

ഇല്ലതിൻ ശാലീനത,
ഹൃദ്യതയാത്മാനന്ദാൽ-
ഫുല്ലത, സമ്പൂർണ്ണത
മറെറാരു കൃതികൾക്കും.

മൃശ്ച്വമാംവിധമൊരേ
        കളത്തിൽ നന്നാവണ്ണ
മൊത്തിണക്കുവാൻ കഴി
        ഞ്ഞേതലുമാനന്ദത്തോടേ

തെല്ലിടയത്തുംനോക്കി
        നില്ക്കവേയവൻകേട്ടു
വില്ലുകൊട്ടീടുന്നതാ
        യങ്ങയൽവീട്ടിൽനിന്നും.

"അങ്ങേലേ ദിവാകരൻ
        വില്ലതാ കൊട്ടീടു"ന്നെ
ന്നമ്മയോടോതിച്ചാര
        ത്തോടിയെത്തുന്നു-പക്ഷേ

തൻെറ ജീവിതം തന്നെ
        മറെറാരു വില്ലായ്, പൊങ്ങും
തപ്തചിന്തതൻ ഞാണിൽ
        വളഞ്ഞുവലിയവേ

കേട്ടതില്ലവളതിൽ
        വീണിടും കോലിൻ നാദം.
വിട്ടന്യവില്ലിൻ ശബ്ദ;
        മെങ്ങിനെ കേൾക്കാനല്ലേ ?

പൂവിട്ടകൈക്കൾക്കൊണ
പ്പുടവയൎത്ഥിച്ചുകൊ
ണ്ടാവിടെന്നെഴും കൺകൾ
തിളങ്ങും വദനത്തിൽ

പതിച്ചു മാതാവിന്റെ
പരിദീനമാം കൺക
ളുതിക്കും കരളിന്റെ
മുത്തുകൾനാലഞ്ചെണ്ണം.

# 10

# ശ്വസിക്കുന്ന സ്വപ്നങ്ങൾ

[1]

ഭൂതഭാവികൾ വർത്ത
മാനത്തിൽ ബന്ധിച്ചനു-
സ്യൂതമായ്ത്തിരിയുന്ന
കാലമാം കൈറാട്ടയിൽ

നിമിഷതന്തുക്കളാൽ
നിർമ്മിച്ചതിരികൊണ്ടു
നിയതിവീണ്ടുംനൂററൂ
പുത്തനാം നൂൽത്തുട്ടേറെ.

എന്നിട്ടും ചിതൽകേറി
യാണിപോയ്മാല്യംപൊട്ടി
യെൻചക്രാത്തൂങ്ങീടുന്നു
ഭിത്തിമേൽമുന്നേപ്പോലെ

-ഭിത്തിമേലെൻഹൃത്തി-
ലാചിതൽ പരക്കുന്നു.

നിത്യവുമെന്നിൽ,കാന്തു
തിന്നുന്നൃ സിരാക്രൂടം.

വേദനപെരുകുന്നു,
ഭാരവുമതേമട്ടിൽ

ഞാൻ ദയനീയം കേണു
പോകുന്നുമിക്കപ്പോഴും

ഇല്ലെൻെറ ചക്രംവെച്ചു
തിരിയ്ക്കാൻ നിരപ്പായ

നല്ലൊരു നിലം പോലും
ചെയ്യേണ്ടതെന്തൊന്നാവാം!

ന്തുഴുവാൻ പഠിപ്പിച്ചു
തെന്തിനാണതിൻേറതാം

ന്തുതന്ന പശ്ചാത്തലാ
ത്തിങ്കലെൻവൈദഗ്ദ്ധ്യത്തെ

സന്നിവേശിപ്പാനെന്നി
യ്യ്ക്കുണ്ടുമേയവസരം

തന്നിടാനില്ലെങ്കിൽ, ഞാൻ
ചോദിച്ചു സ്വയം ചോദ്യം

ഉത്തരം ലഭിച്ചീല
ചോദ്യത്തിൻ പ്രതിദ്ധ്വനി
യെത്തിയെൻഹൃദയത്തെ
പുൽകുകമാത്രംചെയ്തു.

[2]

ഇരുസന്ധ്യകളിന്നും
ചെമ്പട്ടുവിരിപ്പിങ്ക-
ലിരുന്നു താരാദീപ
ദീപ്തിയിൽത്തെളിവോടേ

കിളിക്കൂജനകള
കോമളനാദത്താലും
ക്കളിരേകീടും ദിവ്യ
പ്രാൎത്ഥനനടത്തുന്നു.

ശോകഗാനങ്ങൾ പാടി,
കരളിൻമുറിവാററാൻ
മൂകനായേകാന്തത
തേടിയേകനായ് ചുററി,

അലയുമച്ചേതന
ക്കൂട്ടത്തിൽമറന്നുപോയ്
വിലയേറിയസർവ്വ
പ്രാൎത്ഥനാശ്ലോകങ്ങളും

ഈശനെ സ്തുതിച്ചീടാൻ,
ശാന്തിയെ നുകന്നീടാൻ
ആശിയ്ക്കായ്കയല്ലെന്നാൽ
കിട്ടിയില്ലേകാഗ്രത

കണ്ണടയ്ക്കുവേ പേടി
സ്വപ്നങ്ങൾ കണ്ടീടുന്നു.
കയ്യുകൾ കുഴയുന്നു
കൂപ്പുവാനുയർത്തുമ്പോൾ

ചുണ്ടുകളനക്കുമ്പോൾ
ഗൽഗ്ഗദം മാത്രംപൊങ്ങി
തൊണ്ടയിൽ ശിഥിലമായ്
പോകുന്നിതന്തർനാദം.

പ്രാർത്ഥനാദീപം സ്നേഹ
ശൂന്യമായ്ത്തീർന്നൂനവ
ദീപ്തിതൻ നാളം വീണ്ടു
മെങ്ങിനെയുയർത്തുംഞാൻ?

ചോദിച്ചുഞാനിചോദ്യ
മെങ്കിലുമതിൻപ്രതി
നാദമാണത്രേവീണ്ടും
കിട്ടിയ സമാധാനം.

[3]

രാവുതീൎത്താം പൂവു
 മിലയും ചിന്നും നീല
ദ്യോവിൻെറ സുവിസ്തൃത
 മുററങ്ങളടിയ്ക്കാനും

വെള്ളമേഘമായ് ത്തിങ്ങും
 മാറാലതട്ടാൻ കുന്നിൽ
കയ്യിനാൽ കരിമ്പന
 ത്തോട്ടികളുയൎത്താനും.

ബ്രഹ്മാണ്ഡഭിത്തികളമേൽ
 കരുത്തുമിന്നും കീലോ
കുപ്പായത്തെളിനീരോ
 വേണ്ടപോൽ തേച്ചീടാനും

മേക്കട്ടിയലങ്കാനും
 പച്ചപ്പൂപാത്രങ്ങളിൽ
പൂക്കളെന്നുമാറി
 വെച്ചലങ്കരിക്കാനും.

പ്രകൃതിയുഷാറായി
 നിൽക്കുന്നു ശുചിതചത്തിൻ
പ്രഥമപാഠം പാരി
 ന്നെപ്പോഴും ചൂണ്ടിക്കാട്ടി.

പ്രതിബന്ധങ്ങൾ തളം
കെട്ടിയ ചളിക്കണ്ടം
ഹതഭാഗ്യത്തിൻ ചപ്പും
ചവറും ചീസ്യും കുന്നും

ആശയാംകഴമ്പാകെ
ക്കെട്ടുപോയ് ത്തോടായ് ത്തീന്നോ-
രായിരം വിചാരങ്ങ
ളടിയും വഴിവക്കും.

വികൃതമാക്കിത്തീത്ത
ജീവിതത്തെരുവുകൾ
വിഷവായുവാൽ വീർപ്പു
മുട്ടുന്ന സ്ഥലമിന്നും.

ചൂലെടുക്കുവാൻ മടി
കൊണ്ടല്ല, ശുചിത്വത്തിൻ
ബാലപാഠങ്ങൾപോലും
ഞാനെന്നേമറന്നുപോയ്

ഇരുളിൻ മുക്കിലുപ
യോഗിക്കാതെറിഞ്ഞപ്പോൾ
തുരുമ്പുപിടിച്ചെൻെറ
ശീലങ്ങൾ ദ്രവിച്ചുപോയ്.

[4]

കാലമീവിധമെന്നെ
    യദയം മഥിക്കുമ്പോൾ
കാണുന്നീലെങ്ങും രക്ഷാ-
    സങ്കേതമിന്നോളവും

ഞാനൊന്നു പഠിച്ചുപോയ്
    മററൊന്നു പഠിപ്പിക്കാ-
നാണത്രേനിയമങ്ങ
    ളിന്നെന്നെ നിർബ്ബന്ധിപ്പൂ!

പ്രയത്നം മഹത്തെന്നു
    ശീലിച്ചു ഞാനിന്നെന്നെ
പ്രസംഗം ചെയ്യാനത്രേ
    പട്ടങ്ങൾ തിരക്കുന്നൂ.

തൊഴിലും പഠനവു
    മിണങ്ങാനസാദ്ധ്യമാം
പഴയമൈതാനത്തിൽ
    ഞാനിന്നുമോടീടണം.

എന്നുഞാനീവൈരുദ്ധ്യ;
    നിഴൽ വിട്ടകന്നീടും
എന്നുഞാൻ ഞാനായ്ത്തീരും
    ഹൃദയം സ്തംഭിയ്ക്കുന്നു!

3046



[5]

അശ്രുപൂൎണ്ണമാമെൻെറ
നോട്ടങ്ങൾ നിവേദന-
മെത്തുമ്പോൾ ഗുരുകുല
ശാന്തിമണ്ഡപത്തിങ്കൽ

സുസ്മിതമെന്നേ നോക്കി
സാത്വികസ്വഭാവത്തിൻ
സുന്ദരരൂപം മൎത്ത്യാ
കാരമാൎന്നപോലൊരാൾ

നിൽക്കയാ,ണതാരെന്നോ?
നല്ലതുപഠിപ്പിയ്ക്കേ,
നിദ്രയിൽ മുങ്ങിച്ചമർ
ചാരിക്കൊണ്ടിരുന്നീടും

എന്നുള്ളിൽ, നവോന്മേഷം
വിതപ്പാൻ പ്രയത്നിച്ച
വന്ദ്യനാമെൻ പ്രധാന
ഗുരുജിയല്ലാതാരാം!

മീനത്തിൻ കൊടും ചൂടിൽ
വരണ്ടമണ്ണിൽ പുതു
മാരിയിൽ പോലെന്നുള്ളി
ലാശയം കിളൎപ്പിയ്ക്കും.

ആലസൽസ്മിതത്തിൻെറ
ത്തൂവെള്ളിത്തിരശ്ശീല

മേലൊരു ചലച്ചിത്രം
പോലെഞാനിന്നും കാണ്മൂ

രണ്ടു വഷമീമണ്ണിൽ
സൌഹൃദാനന്ദം പൂണ്ടു

കൊണ്ടലമഭൌമമായ്
ജീവിച്ചകഥകളെ.

ഞാനിന്നുമതിൻസ്വഗ്ഗ
മേഖലയിങ്കൽചിന്താ-

ലീനനായുലാത്തുക
പതിവാണെന്തിന്നെന്നോ?

ശപ്തമാമെൻ ജീവിത
ദുഃസ്വപ്നം മധുരമാം

സ്വപ്നമായ്,ശ്വസിയ്ക്കുന്ന
സ്വപ്നമായ്ത്തീരാൻമാത്രം.

3046

3046

REG: No: 3273
VENGANOOR P.O.
KIDARAKUZHY

THE CHANDRAMOHAN PRESS & PUBLISHING HOUSE
TRIVANDRUM.
VAZHUTHACAUD

# ശ്വസിക്കുന്ന സ്വപ്നങ്ങൾ

3046 ~~No 124~~



M.44

ടി. ശിവരാമൻ

Indic Digital Archive Foundation
gpura.org